Reg No:..................
Name :...................

K24FY 1471 (B)

# First Semester FYUGP Malayalam Examination
# NOVEMBER 2024 (2024 Admission onwards)
# KU1DSCMAL103 (INDIAN ITHARA BHASHASAHITHYA PARICHAYAM)

(DATE OF EXAM: 4-12-2024)

---

Time : 90 min — Maximum Marks : 50

## Part A (Answer any 6 questions. Each carries 2 marks)

1. പുതിയത് ലഭിക്കുമ്പോൾ പഴയത് മറന്നുപോകുന്ന മനുഷ്യസഹജമായ ദൗർബല്യം പാരീസിനും ഉണ്ടായിരുന്നു.
   വിശ്വമോഹിനിയായ ഹെലനെക്കുറിച്ച് അറിഞ്ഞപ്പോൾ പാരീസ് രാജകുമാരനുണ്ടായ മോഹം അതിനുദാഹരണമാണോ? 2

2. "എന്നെക്കാൾ മൂന്നിരട്ടി സുന്ദരാ " - ഇയൾപ്പടെ വീനസ് അഡോണിസിന് നൽകുന്ന വിശേഷണങ്ങൾ ഷേക്സ്പിയറുടെ കാവ്യവർണ്ണനയുടെ സൗന്ദര്യം വെളിപ്പെടുത്തുന്നതാണോ ? പരിശോധിക്കുക. 2

3. "കേടൊന്നുമില്ലായ്കിൽ നീ വെറുപ്പതെന്തിനെന്നെ? " -
   സ്വന്തം സൗന്ദര്യത്തിലും പ്രണയത്തിലുമുള്ള ഉറച്ച വിശ്വാസമാണ് വീനസ് എന്ന കഥാപാത്രത്തെ വ്യതിരിക്തമാക്കുന്നത്. സമർഥിക്കുക. 2

4. "ഇത് അഴുക്കടിഞ്ഞ ഒരു തോട്ടിലെ ഒഴുക്കുപോലെ നിശബ്ദഗതിയിൽ മുന്നോട്ട് പോവുകയാണ്"
   അമ്മ എന്ന നോവലിൽ അവതരിപ്പിക്കുന്ന, പ്രായമായവരും ചെറുപ്പക്കാരും തമ്മിലുള്ള ബന്ധത്തിന്റെ സ്വഭാവമെന്താണ്? 2

5. നിങ്ങൾക്ക് വട്ടാകണമെങ്കിൽ അതു തന്നത്താൻ ആയാൽ പോരേ? -
   ഉർസുല ഇങ്ങനെ ചോദിക്കാനുണ്ടായ സാഹചര്യം എന്തായിരുന്നു? 2

6. ലെഗോൺ നഗരം വിട്ടുപോരാൻ ആർതർ തീരുമാനിച്ച സാഹചര്യമെന്തായിരുന്നു ? 2

7. ഈസോപ്പ് പറഞ്ഞ രണ്ടു സഞ്ചികളുടെ കഥ എന്നും ഓർക്കണമെന്ന് അപ്പൂപ്പൻ പറയാൻ കാരണമെന്ത്? 2

8. ഈ രാവിൽ ഏറ്റവും ദുഃഖഭരിതമായ വരികളെഴുതാൻ തനിക്കു
   കഴിയുമെന്ന് കവി ചിന്തിക്കാനുള്ള കാരണമെന്ത്? 2

## Part B (Answer any 4 questions. Each carries 6 marks)

9. ഒരു സുന്ദരവദനത്തിനു വേണ്ടി ഒരായിരം പടക്കപ്പലുകൾ എന്ന ശീർഷകം ഇലിയഡ് എന്ന ഇതിഹാസകൃതിയെ മൊത്തമായി പ്രതിഫലിപ്പിക്കാൻ പര്യാപ്തമാണ് - ഈ പ്രസ്താവന പരിശോധിക്കുക. 6

10. "സ്ത്രീയുടെ പിടിവാശിക്കുള്ള മരുന്ന് എന്താണെന്നു കണ്ടല്ലോ? നിനക്കും അതു തന്നെയാണോ വേണ്ടത്?"-
    മന്ത്രി മകളോട് ഇപ്രകാരം ചോദിക്കാനുള്ള സാഹചര്യം വിശദമാക്കുക. 6

11. ബഹിഷ്കരിക്കപ്പെടേണ്ടവനാണ് എന്ന് ഒറ്റനോട്ടത്തിൽ തന്നെ തോന്നുന്ന വിധത്തിലാണ് പാവങ്ങൾ എന്ന നോവലിൽ ഴാങ് വാൽ ഴാങിനെ അവതരിപ്പിക്കുന്നത്. പരിശോധിക്കുക. 6



12. "ഏകാന്തതയുടെ നൂറു വർഷങ്ങൾ "എന്ന നോവലിൽ ജിപ്സികൾ തീർത്തും അപരസ്വത്വമെന്ന നിലയിലാണ് ചിത്രീകരിക്കപ്പെട്ടിരിക്കുന്നത് - ഈ പ്രസ്താവന പരിശോധിക്കുക. 6

13. അവസാനത്തെ ഇല എന്ന കഥയിലെ ബർമാൻ തന്റെ മാസ്റ്റർപീസായ സൃഷ്ടി നടത്താനിടയായ സാഹചര്യമെന്തായിരുന്നു? 6

14. പാബ്ലോ നെരൂദയെക്കുറിച്ച് ഒരു കുറിപ്പ് തയ്യാറാക്കുക. 6

## Part C (Answer any 1 question(s). Each carries 14 marks)

15. ഇന്ത്യയുടെ സമ്പന്നമായ കഥാകഥനപാരമ്പര്യം ലോകകഥയുടെ പശ്ചാത്തലത്തിൽ പരിശോധിക്കുക. 14

16. മലയാളത്തിലേക്ക് വിവർത്തനം ചെയ്യപ്പെട്ട ഹൊറർ കൃതികളിൽ ജനപ്രീതിയിൽ മുന്നിട്ടുനില്ക്കുന്നതാണ് 'ഡ്രാക്കുള '.
    ഹൊറർ കഥകളുടെ സവിശേഷതകൾ 'ഡ്രാക്കുളയുടെ അതിഥി ' എന്ന കഥയെ മുൻനിർത്തി പരിശോധിക്കുക. 14